**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1400** **19-06-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം നിക്ഷേപക സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയെ ആഗോള വിനോദസഞ്ചാര മേഖലയ്ക്ക് പരിചയപ്പെടുത്തുന്നതിനും ഈ മേഖലയിലേയ്ക്ക് വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും ടൂറിസം നിക്ഷേപക സംഗമത്തിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | 2023 നവംബർ 16 ന് തിരുവനന്തപുരത്ത് വെച്ച് സംഘടിപ്പിക്കപ്പെട്ട ടൂറിസം നിക്ഷേപക സംഗമത്തിന് ആവേശകരമായ പ്രതികരണമാണ് നിക്ഷേപകരുടെ ഭാഗത്ത് നിന്ന് ലഭിച്ചത്. നിക്ഷേപക സംഗമത്തിന്റെ ഭാഗമായി 23 സർക്കാർ പദ്ധതികളും 52 സ്വകാര്യ പദ്ധതികളും അവതരിപ്പിക്കപ്പെട്ടു. ടൂറിസം വകുപ്പ് അവതരിപ്പിച്ച 23 പദ്ധതികൾക്ക് പുറമേ 16 പദ്ധതികൾ കൂടി നിക്ഷേപക സംഗമത്തിൽ ലഭിച്ചു. ഇത്തരത്തിൽ 39 പദ്ധതികൾക്കായി 2511.10 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചു. പരിപാടിയിൽ അവതരിപ്പിക്കപ്പെട്ട 52 സ്വകാര്യ പദ്ധതികൾക്ക് പുറമേ സ്വകാര്യ മേഖലയിലെ 21 പദ്ധതികൾക്ക് കൂടി നിക്ഷേപ വാഗ്ദാനം ലഭ്യമായി. സ്വകാര്യ മേഖലയിലെ പദ്ധതികൾക്കായി 12605.55 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് പരിപാടിയുടെ ഭാഗമായി ലഭ്യമായിട്ടുള്ളത്. ഒരു സ്റ്റാർട്ടപ്പ് പദ്ധതിക്കായി 10 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനവും ലഭ്യമായിട്ടുണ്ട്. ആകെ 15,126.65 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് നിക്ഷേപക സംഗമത്തിൽ ലഭ്യമായിട്ടുള്ളത്. |
| (ബി) | സംഗമത്തിന്റെ ഭാഗമായിട്ടുണ്ടായിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | നിക്ഷേപക സംഗമത്തിന്റെ ഭാഗമായി റിക്രിയേഷണൽ ഫ്ളൈയിംഗ്, യാട്ട് ടൂറിസം, അഗ്രിക്കൾച്ചർ & ഫാർമിംഗ് ടൂറിസം, ഫ്ളോട്ടിംഗ് ബോട്ട് ടൂറിസം തുടങ്ങിയ മേഖലകളിലാണ് വിദേശ നിക്ഷേപത്തിനുള്ള സന്നദ്ധത അറിയിച്ചിട്ടുള്ളത്.<br><br>ഇതിൽ യാട്ട് ടൂറിസം പദ്ധതിക്കായി 100 കോടിയുടെയും അഗ്രിക്കൾച്ചർ & ഫാമിംഗ് ടൂറിസം മേഖലയിൽ 50 കോടിയുടെയും ഫ്ളോട്ടിംഗ് ബോട്ട് ടൂറിസം മേഖലയിൽ 20 കോടിയുടെയും കൺവേർട്ടിബിൾ ക്ളാസിക് കാർ ടൂറിസം |

| | | | |
|---|---|---|---|
| | | | പദ്ധതിക്കായി 30 കോടിയുടെയും വിദേശനിക്ഷേപത്തിനായി ലെറ്റർ ഓഫ് ഇന്റന്റ് ലഭ്യമായിട്ടുണ്ട്. റിക്രിയേഷണൽ ഫ്ളൈയിംഗ് മേഖലയിൽ 6 കോടിയുടെ വിദേശ നിക്ഷേപത്തിനുള്ള പദ്ധതി നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (സി) | ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അതിന്റെ ഭാഗമായി പുതുതായി ആരംഭിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | കഴിഞ്ഞിട്ടുണ്ട്.<br><br>പരിപാടിയിൽ 52 സ്വകാര്യ പദ്ധതികൾ അവതരിപ്പിക്കപ്പെടുകയും സ്വകാര്യ മേഖലയിലെ 21 പദ്ധതികൾക്ക് കൂടി നിക്ഷേപ വാഗ്ദാനം ലഭ്യമാകുകയും ചെയ്തു. സ്വകാര്യ മേഖലയിലെ പദ്ധതികൾക്കായി 12605.55 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് പരിപാടിയുടെ ഭാഗമായി ലഭ്യമായിട്ടുള്ളത്.<br><br>ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ വെച്ച് താമര ലിഷർ എക്സ്പീരിയൻസസ് പ്രൈവറ്റ് ലിമിറ്റഡ് – എന്ന സ്ഥാപനവുമായി 250 കോടി രൂപയുടെ ധാരണാപത്രത്തിൽ ഒപ്പുവെക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ അവതരിപ്പിച്ച ബേക്കൽ റിസോർട്ട് & കൺവെൻഷൻ സെന്റർ/ എന്റർടെയിൻമെന്റ് സെന്റർ പദ്ധതി പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ നടപ്പാക്കുന്നതിനു M/s Morex Group-മായി ലൈസൻസ് എഗ്രിമെന്റ് ഒപ്പുവച്ചുകൊണ്ട് തുടക്കമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ